STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.09/PR/SPMC/PHQ/2021 Date:06.01.2021

## ശബരിമല ദർശനം: ഓൺലൈൻ ബുക്കിങ് ഇന്ന് വൈകിട്ട് ആറുമുതൽ

ശബരിമല ദർശനത്തിന് ജനുവരി 8 മുതൽ 18 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഓൺലൈൻ ബുക്കിങ് ഇന്ന് (06/01/2021) വൈകുന്നേരം 6 മണിക്ക് ആരംഭിക്കും. അധികമായി പ്രവേശനം അനുവദിച്ച ക്വാട്ടയിലേക്കുള്ള ബുക്കിംഗ് ആണ് ഇന്ന് ആരംഭിക്കുന്നത്. https://sabarimalaonline.org എന്ന വെബ്സൈറ്റിൽ ഭക്തർക്ക് ദർശനം ബുക്ക് ചെയ്യാം.

ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് കോവിഡ്- 19 ആർ ടി പി സി ആർ/ ആർടി ലാമ്പ്/ എക്സ്പ്രസ് നാറ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. 48 മണിക്കൂർ ആണ് സർട്ടിഫിക്കറ്റിന്റെ കാലാവധി. കോവിഡ് പരിശോധനാ നെഗറ്റീവ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഭക്തരെ ശബരിമലയിലേക്ക് കടത്തിവിടുകയില്ല.

***********************